# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 715** — **28.02.2018-ൽ മറുപടിയ്ക്ക്**

## പാലിന്റെ ഗുണ നിലവാരം ഉറപ്പുവരുത്തൽ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എൻ.ഷംസുദ്ദീൻ<br>ശ്രീ. ടി.എ.അഹമ്മദ് കബീർ<br>ശ്രീ.സി. മമ്മൂട്ടി<br>ശ്രീ. അബ്ദുൽ ഹമീദ്.പി. | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ മന്ത്രി) |
| (എ) സംസ്ഥാനത്ത് ഗുണ നിലവാരമില്ലാത്ത പാൽ വിതരണം ചെയ്യുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) |
| (ബി) എങ്കിൽ ഗുണനിലവാരം ഉറപ്പുവരുത്താൻ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ ? | (ബി) ഉണ്ട്. പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് 2006ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം അനുസരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പിനു കീഴിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ അനലിറ്റിക്കൽ ലാബുകളും പത്തനംതിട്ടയിൽ ഒരു ജില്ലാ ഫുഡ് ടെസ്റ്റിംഗ് ലാബും പ്രവർത്തിക്കുന്നു. ഇതു കൂടാതെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകൾ കേന്ദ്രമാക്കി മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലബോറട്ടറികളും പ്രവർത്തിക്കുന്നു. ഈ ലാബുകളിലും പാൽ പരിശോധിക്കുന്നതിനുള്ള സംവിധാനങ്ങൾ ഉണ്ട്<br>ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ പാലിന്റെ സാമ്പിളുകൾ ശേഖരിക്കുകയും ലാബുകളിൽ നൽകി പരിശോധന നടത്തി ലാബിൽ നിന്നും ലഭിച്ച പരിശോധന ഫലത്തിന്റെ അടിസ്ഥാനത്തിൽ ആരോഗ്യത്തിന് ഹാനികരമാകുന്ന രാസപദാർത്ഥങ്ങളോ, മായമോ കണ്ടെത്തിയാൽ പാൽ പിടിച്ചെടുത്ത് നശിപ്പിക്കാനും കുറ്റക്കാർക്കെതിരെ ഭക്ഷ്യസുരക്ഷാ നിയമം 2006 പ്രകാരം നടപടി സ്വീകരിക്കുകയും ചെയ്യുന്നു. |

പാലിന്റേയും പാൽ ഉല്പന്നങ്ങളുടെയും ഗുണനിലവാരം പരിശോധിക്കുന്നതിന് നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിംഗ് & കാലിബറേഷൻ ലബോറട്ടറീസിന്റെ അക്രഡിറ്റേഷനോടു കൂടിയ ലാബ് തിരുവനന്തപുരത്ത് ക്ഷീരവികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചു വരുന്നു. കോട്ടയത്തും കാസർകോടും റീജിയണൽ ലാബുകളും പ്രവർത്തിച്ചു വരുന്നു.

മിൽമയ്ക്ക് ആഭ്യന്തര വിപണിയിൽ നിന്നും ലഭിക്കുന്ന പാൽ കർശനമായ ഗുണനിലവാര പരിശോധനകൾക്ക് വിധേയമാക്കിയതിനു ശേഷമാണ് സ്വീകരിക്കുന്നത്. കേരളത്തിലെ മിൽമ പ്ലാന്റുകളിലെല്ലാം തന്നെ ഇതിനായുള്ള സുസജ്ജമായ ലബോറട്ടറികൾ ഉണ്ട്. മിൽമ ഡയറികളുടെ ലബോറട്ടറികളിൽ ആന്റിബയോട്ടിക് ടെസ്റ്റ്, അഡൽട്രേഷൻ ടെസ്റ്റ്, പ്രിസർവേറ്റീവ് ടെസ്റ്റ്, ബാക്ടീരിയോളജിക്കൽ ടെസ്റ്റ് എന്നീ പരിശോധനകൾ കൂടി നടത്തി ഗുണനിലവാരം ഉറപ്പു വരുത്തുന്നു. കൂടാതെ പുറമെയുള്ള എൻ. എ. ബി. എൽ (നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിംഗ് ആന്റ് കാലിബ്രേഷൻ ലാബോറട്ടറീസ്) അക്രഡിറ്റഡ് ലാബുകൾ വഴി മിൽമയുടെ ഡയറികൾ ഹെവിമെറ്റൽസ്, ആന്റിബയോട്ടിക്സ്, പെസ്റ്റിസൈഡ്സ് തുടങ്ങിയവയുടെ പരിശോധനയും കൃത്യമായി നടത്തി വരുന്നു. കൃത്യമായ ഇടവേളകളിൽ ഗവൺമെന്റ് ലാബ് / ഗവൺമെന്റ് അംഗീകൃത ലാബുകളിലൂടെയും പാലിന്റെ ഗുണനിലവാര പരിശോധന മിൽമ നടത്തുകയും ചെയ്യുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**